ഭൂനയക്കമ്മിറ്റി റിപ്പോർട്ട്

*൪൧൦. (൨൪) ശ്രീ. വി. കെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭൂനയക്കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെണ്ടിലേക്ക് സമർപ്പിച്ചു കഴിഞ്ഞുവോ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാമോ;

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് സമർപ്പിക്കും;

(ഡി) ഇതനുസരിച്ചു ഗവൺമെണ്ട് എന്തെങ്കിലും നടപടികൾ ഉടൻ എടുക്കുന്നുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ. ബി. സി. ഡി.) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് കിട്ടിയതിനുശേഷം അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

Sri. P. Balakrishnan Tampi: May I know whether the Land Committee has submitted its report to the Chief Minister?

ശ്രീ. എ. ജെ. ജോൺ: റിപ്പോർട്ട് സബ്മിറ്റ് ചെയ്തിട്ടില്ല.

Sri. A. P. Udayabhanu: Is the summary of the Report available?

ശ്രീ. എ. ജെ. ജോൺ: റിപ്പോർട്ടിന്റെ ഒരു സമ്മറി ചീഫ് മിനിസ്റ്റർക്ക് അയച്ചിട്ടുണ്ടെന്നു ഇപ്പോൾ അറിഞ്ഞു.

ഫീസുകൾക്കുള്ള വ്യത്യാസം

*൪൧൧. (൨൫) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള ലോവർ സെക്കൻറി ക്ലാസുകളിലെ ഫീസുകൾ തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ;

(ബി) സെക്കൻറി സ്ക്കൂൾവിദ്യാഭ്യാസ പരിഷ്കരണത്തിൽ ഈ വ്യത്യാസത്തെ നീക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ ഫീസ് എന്തായിരിക്കും?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള ലോവർ സെക്കൻറി ക്ലാസ്സുകളിൽ ഫീസുകൾക്ക് തമ്മിൽവ്യത്യാസമുണ്ട്.

(ബി) ഈ ഫീസ് വ്യത്യാസവും സെക്കൻറി വിദ്യാഭ്യാസ പരിഷ്കരണവും തമ്മിൽ ബന്ധമില്ല.

(സി) അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ. കേശവൻ: രണ്ട് സംസ്ഥാനങ്ങളിലേയും ക്ലാസ്സുകളിലെ ഫീസുകൾ തമ്മിൽ വ്യത്യാസമെന്താണെന്ന് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂറിൽ ലോവർ സെക്കൻറി ക്ലാസ്സുകളിൽ ഫ്രീ പ്രൈമറി എട്ടു മാസവും കൊച്ചിയിൽ മൂന്നു പ്രൈമറി വീതം വ്യത്യാസമാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், ஸெகண்டரி ஸ்கூல்களில் படிக்கிற நாடார் பெண்களுக்கு ஃபீஸ் சௌஜன்யமிருக்க, சில பாடசாலைகளில்

LIBRARY ARCHIVES Kerala Legislative Assembly

பீஸ் பூமாவும் பிரித்துக் கொண்டிருக்கிறார்கள் என்பது சர்க்காருக்குத் தெரியவருமா ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : தெரியவில்லை.

ശ്രീ. ഇട്ടീര അയ്യക്കൻ: കൊച്ചിയിലേയും തിരുവിതാംകൂറിലേയും ഫീസ്സുകൾ സമീകരിക്കുന്നതിന് വല്ല ആലോചനയും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ സമീകരിക്കുന്നതു കൊണ്ട് വലിയ ഗുണമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ഏ ചിദംബരനാഥ നാടാർ : நாடார் பெண்களுக்கு பீஸ் சௌஜன்யம் நிலவியிருக்க, சில பள்ளிக்கூடங்களில் முழு பீசும் வசூலிக்கப்படுவதைத் தடுக்க சர்க்கார் ஏதாவது செய்யுமா ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒന്നും ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. കെ. ആർ. ഇലഞ്ഞൂ: ഫീസ്സു സമീകരിക്കാനുള്ള വിഷമം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിഷമമൊന്നുമില്ല.

വ്യയസ്സങ്കോചനം

* ൪൧൨. (൨൯) ശ്രീ.കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെയായി വല്ല വ്യയസ്സങ്കോചനവും വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുമൂലം ഗവൺമെണ്ടിന് എത്ര സംഖ്യ ലാഭമുണ്ടാകും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) കൊല്ലത്തിൽ ൪,൪൫,൦൦൦ രൂപാ.

ശ്രീ. കെ. കെ. വിശ്വനാഥൻ: വ്യയസ്സങ്കോചനം സംബന്ധിച്ച് പറയത്തക്ക വല്ല ഉദ്യോഗങ്ങളും സൃഷ്ടിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പല ഉദ്യോഗങ്ങളും കുറിച്ചിട്ടുണ്ട്. അത്യാവശ്യമായി തോന്നിയ ചില ഉദ്യോഗങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഈ നാലു ലക്ഷത്തിൽ ചിലപ്പോൾ രൂപാ ഏതു കൊല്ലത്തിലാണ് കുറവുണ്ടായത്?

ശ്രീ. എ. ജെ. ജോൺ: ൧൯൪൯—൫൦-ൽ.

ഭവനനിർമ്മാണ പദ്ധതി

* ൪൧൩. (൨൭) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഭവനനിർമ്മാണ പദ്ധതിയനുസരിച്ച്, വീടുകൾ പണിയുന്നതിനു ഇക്കൊല്ലം തെരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാം;

(ബി) ഈ പദ്ധതി അനുസരിച്ചു ഇതുവരെ അതുകൊണ്ട് എത്ര വീടുകൾ പണിതിട്ടുണ്ട്;

(സി) പ്രസ്തുത വീടുകൾക്ക് ശരാശരി എത്രകൊല്ലത്തെ ആയുസ്സു കിട്ടും?

LIBRARY ARCHIVES Kerala Legislative Assembly